# 4

# ന്യായപ്രമാണത്തിൻ കീഴിലുള്ള നമസ്ക്കാരം, 2

## (ശലോമോൻ മുതൽ മലാഖി വരെ)

അവർക്ക് മറ്റൊരു ദൈവം ഉണ്ടാകരുത് എന്നാണ് ദൈവം യിസ്രായേലുമായി ഉണ്ടാക്കിയ നിയമം പറയുന്നത്; കൂടാതെ യാതൊന്നിന്റേയും വിഗ്രഹം ഉണ്ടാക്കുകയോ, അവയെ നമസ്ക്കരിക്കയോ ചെയ്യരുത് (ആവർത്തനപുസ്തകം 4:15–18; 5:7–9). പിതാക്കന്മാരായ അബ്രഹാം, യിസഹാക്ക്, യാക്കോബ് തുടങ്ങിയ പിതാക്കന്മാർ വിഗ്രഹാരാധികളായിരുന്നില്ല. എന്നാൽ മിസ്രയിമിൽ അടിമകളായി പോയ ജനം, വിഗ്രഹാരാധികളായി തീർന്നു. മോശെ സിനായ് പർവ്വതത്തിലേക്ക് പോയപ്പോൾ ജനം അഹരോനോട് ആവശ്യപ്പെട്ടതനുസരിച്ച് അവൻ ഒരു കാളക്കുട്ടിയെ ഉണ്ടാക്കി അതിനെ ആരാധിച്ചു (പുറപ്പാട് 32:4). ഇതേ തുടർന്ന് ജനത്തിൽ കുറേ പേരെങ്കിലും പിന്നീട് മരുഭൂമിയിലായിരുന്നപ്പോൾ വിഗ്രഹാരാധന പരിശീലിച്ചു (ആമോസ് 5:25, 26; 1 ശമുവേൽ 8:8) എന്നാൽ യോശുവ അവരുടെ നായകനായി തീർന്നു (യോശുവ 24:20, 23). ന്യായാധിപന്മാരുടെ കാലത്ത് അവർ കലശലായ വിഗ്രഹാരാധികളായി മാറി (ന്യായാധിപന്മാർ 2:11–19; 3:19; 10:6; 17:4, 5). അവരുടെ ഇടയിൽ നിന്നു അന്യദേവന്മാരെ നീക്കി കളയുവാൻ ശമുവേൽ അവരോട് ആവശ്യപ്പെട്ടു (1 ശമുവേൽ 7:3). കനാൻ ദേശത്തേക്ക് പ്രവേശിച്ച യിസ്രായേൽ ജനത്തിനിടയിലേക്ക് വിഗ്രഹാരാധന വേഗത്തിൽ വ്യാപിച്ചു.

ശലോമോന്റെ വാഴ്ച്ച അവസാനിക്കാറായപ്പോൾ അവന്റെ ഭാര്യമാർ ദൈവത്തെ ആരാധിക്കുന്നതിനൊപ്പം വിഗ്രഹങ്ങളും കൂട്ടിച്ചേർക്കുവാൻ പ്രേരിപ്പിച്ചു (1 രാജാക്കന്മാർ 11:3–5). യെരോബെയാം, വടക്കേ രാജ്യത്തിന് ആരാധിക്കുവാൻ രണ്ട് കാളക്കുട്ടികളെ ഉണ്ടാക്കി കൊടുത്തു. ജനം യെരുശലേമിലേക്ക് പോയാൽ അവർ യെഹൂദ്യരുമായി ചേരുമോ എന്ന ഭയം നിമിത്തമായിരുന്നു അവൻ വടക്കേ രാജ്യത്തിൽ തന്നെ അവരെ നിർത്തേണ്ടതിനായിരുന്നു അത് ചെയ്തത് (1 രാജാക്കന്മാർ 12:26–33), ദാവീദിന്റെ ഒരു പിൻഗാമിയായിരുന്നു തെക്കേ രാജ്യം ഭരിച്ചിരുന്നത്. അതേ തുടർന്നു, യിസ്രായേലിൽ വിഗ്രഹാരാധന പ്രചാരത്തിലായി, ഏതാനും വർഷങ്ങൾക്കു ശേഷം വിഗ്രഹാരാധന യെഹൂദ്യയിലും വ്യാപിച്ചു. വിഗ്രഹാരാധന വിട്ടുകളഞ്ഞ്, ന്യായപ്രമാണപ്രകാരം ഏകദൈവത്തെ സത്യത്തിൽ ആരാധിക്കുവാൻ ദൈവത്തിലേക്ക് ആളുകളെ തിരിച്ചു കൊണ്ടുവരുവാൻ ദൈവം പ്രവാചകന്മാരെ എഴുന്നേവൽപിച്ചു.

### വലിയ പ്രവാചകന്മാരും ആരാധനയും

വലിയ പ്രവാചകന്മാരായിരുന്ന – യെശയ്യാവ്, യിരെമ്യാവ്, എസ്രാ, ദാനിയേൽ – എന്നിവരെ അത്തരത്തിൽ തിരിച്ചിരിക്കുന്നത്, അവർ മറ്റു സാഹിത്യ

കാരന്മാരായിരുന്ന പ്രവാചകന്മാരേക്കാളും, ചെറിയ പ്രവാചകന്മാരേക്കാളും കൂടുതൽ എഴുതിയിട്ടുണ്ട് എന്നുള്ളതുകൊണ്ടാണ്. ബാബേൽ പ്രവാസത്തിലായിരന്ന കാലയളവിൽ അവർ യെഹൂദജനത്തോട് പ്രവചിച്ചു.

*യെശയ്യാവ്.* മുഖ്യപ്രവാചകന്മാരിൽ ആദ്യം വന്നവനായിരുന്നു യെശയ്യാവ്. പാപം ചെയ്ത് ദൈവത്തെ ആരാധിക്കുവാൻ ശ്രമിച്ചാൽ അത് അസ്വീകാര്യമാണെന്ന് യെശയ്യാവ് പഠിപ്പിച്ചു. ആരാധന ശരിയായ ദൈവവഴിയിലായിരിക്കണമെന്നു മാത്രമല്ല അവൻ ഉപദേശിച്ചത്, നീതിപൂർവ്വമായ ജീവിതവും വേണമെന്നാണ്. ദുഷ്ടതയാൽ ദൈവം നശിപ്പിച്ച പട്ടണങ്ങളോട് യിസ്രായേലിനെ താരതമ്യം ചെയ്ത് യെശയ്യാവ്, വിശുദ്ധിയില്ലാത്ത ആരാധനയിൽ ദൈവം പ്രസാദിക്കുകയില്ല എന്നു കഠിനമായ ഭാഷയിൽ അവരെ ബോധ്യപ്പെടുത്തി (യെശയ്യാവ് 1:10 നോക്കുക). അവരുടെ ആരാധനാ ശ്രമങ്ങളെ കുറിച്ച് അവൻ എഴുതി,

> നിങ്ങളുടെ അമാവാസ്യകളെയും ഉൽസവങ്ങളെയും ഞാൻ വെറുക്കുന്നു, അവ എനിക്ക് അസഹ്യം, ഞാൻ അവ സഹിച്ചു മുഷിഞ്ഞിരിക്കുന്നു, നിങ്ങൾ കൈ മലർത്തുമ്പോൾ ഞാൻ എന്റെ കണ്ണു മറെച്ചുകളയും. നിങ്ങൾ എത്ര തന്നെ പ്രാർത്ഥന കഴിച്ചാലും ഞാൻ കേൾക്കുകില്ല, നിങ്ങളുടെ കൈ രക്തം കൊണ്ട് നിറഞ്ഞിരിക്കുന്നു (യെശയ്യാവ് 1:14, 15).

നീതിമാന്റെ യാഗങ്ങളിലാണ് ദൈവം പ്രസാദിക്കുന്നത് (യെശയ്യാവ് 56:7). ദുഷ്ടത അവസാനിപ്പിച്ച്, നീതിയും, ന്യായവും പ്രവർത്തിച്ച് ആവശ്യമുള്ളവർക്ക് സഹായം നൽകുവാനായിരുന്നു അവൻ ആഗ്രഹിച്ചത് (യെശയ്യാവ് 1:16, 17). യാഗങ്ങളും, സഭായോഗങ്ങളും, വിശുദ്ധ ദിവസാചരണവും ഒന്നും വേണ്ട എന്നല്ല ദൈവം പറഞ്ഞത്. ജനങ്ങൾ ആരാധനയെ കണ്ട രീതി ശരിയായിരുന്നില്ല. ആരാധകരുടെ ദുഷിച്ച ജീവിതം നിമിത്തം അവരുടെ ആരാധന അന്നു സ്വീകാര്യമായിരുന്നില്ല. ശരിയായി ജീവിക്കുന്നവരുടെ ശരിയായ ആരാധനയാണ് ദൈവം ആഗ്രഹിക്കുന്നത്. പാപസംബന്ധമായ ജീവിതം നയിക്കുന്നവരുടെ ആരാധന ദൈവം തള്ളിക്കളയും.

ദൈവികദർശനത്തോട് യെശയ്യാവിനുണ്ടായ പ്രതികരണം, ദൈവത്തിന്റെ ഭയങ്കരത്വം നിമിത്തം ആരാധനയിൽ നമുക്ക് ഉണ്ടാകേണ്ട ഭയഭക്തി മനസിലാക്കി തരുന്നു (യെശയ്യാവ് 6:1–7). ദൈവത്തിന്റെ വിശുദ്ധിയെ തന്റെ പാപസംബന്ധമായ അവസ്ഥയുമായി താരതമ്യം ചെയ്യുവാൻ ആ കൂടി കാഴ്ച്ച യെശയ്യാവിനെ സഹായിച്ചു.

യിസ്രായേലിന്റെ ശത്രുക്കളെ ദൈവം നശിപ്പിക്കുവാനിരിക്കുന്നു എന്നു കണ്ടപ്പോൾ യെശയ്യാവ് ദൈവത്തിന് നന്ദി കരേറ്റി. ദൈവസഹായം കണ്ട ആളുകൾ ദൈവത്തെ മഹത്വപ്പെടുത്തേണ്ടിയിരുന്നു (യെശയ്യാവ് 25:1–4). വിടുതലിനുവേണ്ടി കാത്തിരുന്നവർ അവന്റെ രക്ഷയിൽ സന്തോഷിക്കേണ്ടിയിരുന്നു (യെശയ്യാവ് 25:6–9) സ്തുതിഗാനങ്ങൾ പുറപ്പെടുവിക്കയും ചെയ്യണമായിരുന്നു (യെശയ്യാവ് 26:1–4). എങ്ങനെയായാലും, അവൻ ദൈവത്തെ പുകഴ്ത്തിയിരുന്ന മനോഹരമായ ദൈവാലയം നശിപ്പിച്ചപ്പോൾ, അവർ വിലപിക്കണമായിരുന്നു (യെശയ്യാവ് 64:10). മനുഷ്യരുടെ പാരമ്പര്യമനുസരിച്ചാരാധിക്കുന്നതോ, അധരസേവയാലുള്ള സേവനമോ പുകഴ്ച്ചയോ ദൈവം സ്വീകരിക്കയില്ല എന്ന് യേശയ്യാവ് വെളിപ്പെടുത്തിയിരുന്നു. ഹൃദയം ദൈവ

ത്തിൽനിന്നകന്നു പോയവരുടെ ആരാധനയും ദൈവം കണക്കിലെടുക്കുക യില്ല എന്നും അവൻ പറഞ്ഞിരുന്നു (യെശയ്യാവ് 29:13).

ആരാധന ദൈവത്തിന്റെ ശക്തിയുള്ള പ്രവർത്തനങ്ങളോടുള്ള പ്രതികര ണമായിരിക്കണം എന്നും പ്രവാചകൻ പറഞ്ഞു (യെശയ്യാവ് 43:19–21; 61:10, 11; 65:18, 19; 66:10–14). ദൈവത്തെ സ്തുതിക്കുവാൻ അവൻ യിസ്രായേലിനോട് പ്ര ബോധിപ്പിച്ചു (യെശയ്യാവ് 52:7–10), ദൈവം തന്റെ ജനത്തിന് ചെയ്വാനിരിക്കുന്ന മഹാ പ്രവൃത്തികൾ നിമിത്തം അവനെ പാടിസ്തുതിപ്പാനും അവൻ പറഞ്ഞു (യെശയ്യാവ് 42:10–13). ക്രിസ്തു വരുമ്പോൾ അത്തരം പുകഴ്ച്ച സന്തോഷ ത്തോടെയാണ് നൽകേണ്ടത് (യെശയ്യാവ് 61:1–3). ലൂക്കൊസ് 4:18–21-ൽ ആ വേദഭാഗം ഉദ്ധരിച്ച് തന്നെ ബാധിക്കുന്നതായി കർത്താവ് പറഞ്ഞിരിക്കുന്നു. ശബ്ബത്തു മുതൽ ശബ്ബത്തു വരെയും, അമാവാസി മുതൽ അമാവാസി വരെയും തുടർച്ചയായി ദൈവത്തെ ആദരിക്കേണ്ടുന്ന കാലം വരുമെന്ന് യെശയ്യാവ് പ്ര വചിച്ചു (യെശയ്യാവ് 66:22, 23).

*യിരെമ്യാവ്.* എന്നാൽ യിരെമ്യാവ് ദൈവത്തെ ആരാധിക്കുന്നതിനെ കുറിച്ചല്ല അധികവും പറഞ്ഞത്, വിഗ്രഹാരാധനയെ കുറിച്ചാണ് അധികവും സംസാരിച്ചത്. യിസ്രായേലിനെ പോലെ യെഹൂദാ ദൈവത്തെ തള്ളിക്കളഞ്ഞ് വിഗ്രഹങ്ങളെ സേവിച്ചുകൊണ്ട് ദൈവത്തെ കോപിപ്പിച്ചു എന്നാണ് അവൻ പറഞ്ഞത് (യിരെമ്യാവ് 5:19; 16:11; 18:15; 19:4, 5), അവ അവരുടെ പട്ടണങ്ങ ളോളം അസംഖ്യമായിരുന്നു (യിരെമ്യാവ് 2:28; 11:10–13). അനേകം ദേവന്മാരെ ഉണ്ടാക്കി അവർ തങ്ങളുടെ ചുറ്റുമുള്ള വിഗ്രഹാർപ്പിത ദേശങ്ങളെ പോലെ ആയി. അവർ അന്യ ദേവന്മാർക്ക് യാഗമർപ്പിക്കയും വിദേശ വിഗ്രഹങ്ങളെ നമസ്ക്കരിക്കയും ചെയ്തു (യിരെമ്യാവ് 8:19; 18:15), അത് ദൈവത്തിന് മുഷി ച്ചലുണ്ടാക്കി (യിരെമ്യാവ് 7:18). അക്കാരണത്താൽ, യിരെമ്യാവ് കുഴപ്പത്തി ലാക്കുന്ന ഒരു ചോദ്യം ചോദിച്ചിരിക്കുന്നു: “ഒരു ജാതി തന്റെ ദേവന്മാരെ മാറ്റിയിട്ടുണ്ടോ ...?” (യിരെമ്യാവ് 2:11). അവർ ഇത് തങ്ങളുടെ നാശത്തിനാ യി ചെയ്കയും ബാലിനെകൊണ്ട് ആണയിടുകയും ചെയ്തു (യിരെമ്യാവ് 7:6; 12:16, 17). സകലവും സൃഷ്ടിച്ചതു ദൈവം ആകയാൽ, വിഗ്രഹങ്ങളെ ഉണ്ടാക്കി അവയെ നമസ്ക്കരിക്കുന്നവർ “പരിജ്ഞാനമില്ലാത്തവവരും മൗ ഢ്യരും അത്രെ” (യിരെമ്യാവ് 10:11–15).

ദൈവത്തോടുള്ള ശരിയായ ബന്ധം അടിസ്ഥാനപ്പെടുത്തിയിരിക്കുന്നത് മനുഷ്യരുടെ ജ്ഞാനത്തിന്മേലോ, ശക്തിയിന്മേലോ, അവരുടെ വിവേകത്തി ന്മേലോ അല്ല, മറിച്ച് ദൈവത്തെ മനസിലാക്കുകയും അറിയുകയും ചെയ്യു ന്നതിന്റെ അടിസ്ഥാനത്തിലാണ് (യിരെമ്യാവ് 9:23, 24). എല്ലാ സത്യാരാധന യുടേയും അടിസ്ഥാനം ഇതായിരിക്കണം. ദൈവം തന്റെ ജനത്തിന്റെ ഭാവി യഥാസ്ഥാനപ്പെടുത്തുന്നതിനെയായിരുന്നു യിരെമ്യാവ് നോക്കിയത്. പിന്നെ ദൈവം ചെയ്ത നന്മകൾക്ക് അവർ സ്തോത്രം ചെയ്യണമെന്നും അവൻ പറഞ്ഞു (യിരെമ്യാവ് 33:11). ദൈവം ആരാണെന്ന് അറിയുന്നതും, അവന്റെ അനുഗ്രഹങ്ങളെ തിരിച്ചറിയുന്നതും, അവനെ ആരാധിക്കുവാൻ നമ്മെ പ്ര ചോദിപ്പിക്കും.

*യെഹസ്ക്കേൽ.* മോശെയെയും (പുറപ്പാട് 3:4–6), യെശയ്യാവിനേയും പോ ലെ (യെശയ്യാവ് 6:1–5), യെഹസ്ക്കേൽ ദൈവസന്നിധിയിലാണെന്ന് മനസി ലാക്കിയപ്പോൾ ഭയഭക്തിയിലായി (യെഹസ്ക്കേൽ 1:28). ദൈവസാന്നിധ്യം ഭയപ്പെടുത്തുന്നതും അതിശയിപ്പിക്കുന്നതുമാണ്!

മറ്റു പ്രവാചകന്മാരെ പോലെ യെഹസ്ക്കേലും വിഗ്രഹങ്ങളെ തള്ളിപ്പറഞ്ഞു. അവ കാരണം നാശം ഉണ്ടാകുമെന്നും അവൻ പറഞ്ഞിരുന്നു (യെഹസ്ക്കേൽ 6:4–7; 7:20–27). യെഹൂദാ യഹോവയുടെ വിശുദ്ധസ്ഥലത്തേക്ക് പോലും വിഗ്രഹങ്ങളെ കൊണ്ടുവന്നു (യെഹസ്ക്കേൽ 5:11; 23:38, 39). സങ്കൽപിക്കാവുന്ന എല്ലാ സ്ഥലങ്ങളിലും ആളുകൾ വ്യാജ ദേവന്മാരെ കൊണ്ടുവന്നു തങ്ങളുടെ മക്കളെ യാഗം അർപ്പിച്ചു (യെഹസ്ക്കേൽ 16:17–25). സ്ത്രീകൾ ദൈവാലയ വാതിൽക്കൽ ചെന്ന് വിഗ്രഹാരാധനയുടെ ഭാഗമായി താമൂസ് ദേവതയുടെ മുൻപിൽ വീണു കരയുന്നു (യെഹസ്ക്കേൽ 8:14), പുരുഷന്മാർ അകത്തെ പ്രാകാരത്തിൽ ചെന്ന്, സൂര്യനെ നമസ്ക്കരിച്ചു (യെഹസ്ക്കേൽ 8:16). അവർ വിഗ്രഹങ്ങളെ തങ്ങളുടെ ജീവിതത്തിന്റെ ഭാഗമെന്നവണ്ണം ഹൃദയങ്ങളിലേക്ക് കൊണ്ടുവന്നു (യെഹസ്ക്കേൽ 14:3–7). യാഗങ്ങൾ അർപ്പിച്ചിരുന്ന വിഗ്രഹങ്ങൾക്ക് ചുറ്റും വിഗ്രഹാരാധനയുടെ ശിക്ഷയായി മൃതശരീരങ്ങൾ കാണുമ്പോൾ, അവർ യഹോവയായ കർത്താവിനെ അംഗീകരിക്കണം എന്നു പ്രവാചകൻ പറഞ്ഞു (യെഹസ്ക്കേൽ 6:6, 13; 36:38).

അവരുടെ ദുഷ്ടതയും വിഗ്രഹാരാധനയും നിമിത്തമായിരുന്നു യഹോവയുടെ തേജസ് ആലയം വിട്ടുപോകുവാൻ കാരണം (യെഹസ്ക്കേൽ 10:18). നമ്മുടെ ജീവിതം ആകേണ്ടതുപോലെ ആയില്ലെങ്കിൽ, ദൈവത്തിനു പകരം ലൗകിക വിഗ്രഹങ്ങൾ നമ്മിലേക്ക് വരുമ്പോൾ, അസ്വീകര്യമായ രീതിയിൽ നാം ദൈവത്തെ ആരാധിക്കുമ്പോൾ, ദൈവം നമ്മിൽനിന്നു വിട്ടുപോകും. ശിംശോനും ശൗലും അതിനു ഉദാഹരണങ്ങളാണ്; അവന്റെ ഇഷ്ടത്തെ അവർ ലംഘിച്ചതിനാലാണ് ദൈവം അവരെ വിട്ടുപോയത് (ന്യായാധിപന്മാർ 16:20; 1 ശമുവേൽ 16:14).

*ദാനിയേൽ.* ദാനിയേൽ തന്റെ സ്വപ്നം വിവരിച്ചപ്പോൾ നെബൂഖെദ്നേസർ രാജാവ് താഴെ കൊടുത്തിരിക്കുന്ന തീർപ്പിലെത്തി: “രഹസ്യം വെളിപ്പെടുത്തുവാൻ പ്രാപ്തനായതുകൊണ്ട് നിങ്ങളുടെ ദൈവം ദൈവാധിദൈവവും രാജാധി രാജാവും രഹസ്യങ്ങളെ വെളിപ്പെടുത്തുന്നവനുമാകുന്നു സത്യം എന്നു കൽപിച്ചു” (ദാനിയേൽ 2:47).

നെബൂഖെദ്നേസർ രാജാവുണ്ടാക്കിയ വലിയ ബിംബത്തെ നമസ്ക്കരിക്കുവാൻ കൂട്ടാക്കാതിരുന്നതിനാൽ ശേദ്രക്ക്, മേശക്ക്, അബേദ്നഗോ എന്നിവർ മരണത്തെ മുഖാമുഖമായി കണ്ടു. അക്കാരണത്താൽ അവർ തീച്ചൂളയിലേക്ക് എറിയപ്പെട്ടു. അവരെ ദൈവം തീയിൽനിന്നു രക്ഷിച്ചതിനാൽ രാജാവ് ദൈവത്തെ വാഴ്ത്തി. “ഈ രീതിയിൽ വിടുവിപ്പാൻ കഴിവുള്ള മറ്റൊരു ദേവനുമില്ല” എന്ന് രാജാവ് കൽപിച്ചു (ദാനിയേൽ 3:29).

ആ അത്ഭുതങ്ങളാലും അടയാളങ്ങളാലും, നെബൂഖെദ്നേസർ ദൈവത്തെ കുറിച്ച് ഈ തീർപ്പിലെത്തി,

> അവന്റെ അടയാളങ്ങൾ എത്ര വലിയവ
> അവന്റെ അത്ഭുതങ്ങൾ എത്ര ശ്രേഷ്ഠമായവ!
> അവന്റെ രാജത്വം എന്നേക്കുമുള്ള രാജത്വവും
> അവന്റെ ആധിപത്യം തലമുറ തലമുറയായുള്ളതും ആകുന്നു
> (ദാനിയേൽ 4:3).

മറ്റവസരങ്ങളിലും ദൈവത്തിന്റെ ശക്തി കണ്ട് രാജാവ് അതേപോലെയുള്ള പ്ര

സ്താവനകൾ നടത്തിയിരുന്നു (ദാനിയേൽ 4:34, 35; 6:26–27). നാമും അതുപോലെ ഭൂതകാലത്തിൽ ദൈവം ചെയ്ത പ്രവൃത്തികൾ നിമിത്തവും, ഇപ്പോൾ അവൻ ചെയ്തുകൊണ്ടിരിക്കുന്നതിനും ഭാവിയിൽ അവൻ ചെയ്യുവാനിരിക്കുന്നതിനും ദൈവത്തെ പുകഴ്ത്തണം.

## ചെറിയ പ്രവാചകന്മാരും ആരാധനയും

വലിയ പ്രവാചകന്മാരുടെ ഭാരം പോലെ തന്നെയായിരുന്നു മിക്കവാറും ചെറിയ പ്രവാചകന്മാരുടേയും ഭാരം - ജനങ്ങൾ അവരുടെ പാപങ്ങളെയും വിഗ്രഹങ്ങളെയും ഉപേക്ഷിച്ച് ദൈവത്തിലേക്ക് തിരിച്ചുവരുവാനായിരുന്നു അവരും പ്രബോധിപ്പിച്ചത്. ആ പ്രശ്നങ്ങളെ ഉന്നയിച്ചുകൊണ്ട് അവർ ആരാധനയുമായി ബന്ധപ്പെട്ട പ്രസ്താവനകളും നടത്തി.

യിസ്രായേലിൽ ദൈവം വിഗ്രഹാരാധന അവസാനിപ്പിക്കുമെന്നും, അവർ ബാലിനെ നമസ്ക്കരിച്ചതിനാൽ ദൈവം അവരെ ശിക്ഷിക്കുമെന്നും ഹോശേയാ എഴുതിയിരിക്കുന്നു (ഹോശേയാ 2:9–13; 4:12–14; 13:1–3). ആ സന്ദേശം സെഫന്യാവും ആവർത്തിച്ചു (സെഫന്യാവ് 1:4–18).

വെറുതെ യാഗം കഴിക്കുന്നതും ദശാംശം കൊടുക്കുന്നതും ദൈവത്തിന് സ്വീകാര്യമല്ല എന്നു ആമോസ് മുന്നറിയിച്ചു (ആമോസ് 4:4–11). ന്യായവും നീതിയും ഇല്ലാതിരുന്നത് അവരുടെ ആരാധനക്ക് തടസമായിരുന്നു. ദൈവം ആമോസ് മുഖാന്തരം താഴെ കൊടുത്തിരിക്കുന്നതു പറഞ്ഞു:

> നിങ്ങളുടെ ഉൽസവങ്ങളെ ഞാൻ ദ്വേഷിച്ചു നിരസിക്കുന്നു
> നിങ്ങളുടെ സഭായോഗങ്ങളിൽ എനിക്ക് പ്രസാദമില്ല.
> നിങ്ങൾ എനിക്ക് ഹോമയാഗങ്ങളും ഭോജനയാഗങ്ങളും
> അർപ്പിച്ചാലും ഞാൻ പ്രസാദിക്കയില്ല
> തടിച്ച മൃഗങ്ങൾ കൊണ്ടുള്ള നിങ്ങളുടെ സമാധാനയാഗങ്ങളെ
> ഞാൻ കടാക്ഷിക്കുകയില്ല
> എന്നാൽ ന്യായം വെള്ളം പോലെയും നീതി
> വറ്റാത്ത തോടുപോലെയും കവിഞ്ഞൊഴുകട്ടെ (ആമോസ് 5:21–24).

അതേ സത്യം മീഖയും പറഞ്ഞിരിക്കുന്നു

> എന്തൊന്നുകൊണ്ട് ഞാൻ യഹോവയുടെ സന്നിധിയിൽ ചെന്നു
> അത്യുന്നതദൈവത്തിന്റെ മുമ്പാകെ കുമ്പിടേണ്ടു?
> ഞാൻ ഹോമയാഗങ്ങളോടും ഒരു വയസ് പ്രായമുള്ള
> കാളക്കിടാക്കളോടും കൂടെ അവന്റെ സന്നിധിയിൽ ചെല്ലേണമോ?
> ആയിരമായിരം ആട്ടുകൊറ്റനിലും,
> പതിനായിരം പതിനായിരം തൈല നദിയിലും യഹോവ പ്രസാദിക്കുമോ?
> എന്റെ അതിക്രമത്തിനുവേണ്ടി ഞാൻ എന്റെ ആദ്യജാതനേയും ഞാൻ
> ചെയ്ത പാപത്തിനുവേണ്ടി എന്റെ ഉദരഫലത്തെയും കൊടുക്കേണമോ?
> മനുഷ്യാ നല്ലതെന്തെന്ന് അവൻ നിനക്ക് കാണിച്ചു തന്നിരിക്കുന്നു. ന്യായം പ്രവർത്തിപ്പാനും, ദയാതൽപരനായിരിപ്പാനും, നിന്റെ ദൈവത്തിന്റെ സന്നിധിയിൽ താഴ്മയോടെ നടപ്പാനും അല്ലാതെ എന്താകുന്നു

യഹോവ നിന്നോട് ചോദിച്ചത്? (മീഖാ 6:6–8).

ദൈവം തന്റെ ജനത്തെ ശുദ്ധീകരിക്കുമെന്ന് മലാഖി മുന്നറിയിച്ചിരിക്കുന്നു; അപ്പോൾ അവരുടെ വഴിപാടുകൾ അവൻ സ്വീകരിക്കും (മലാഖി 3:3). വിലയില്ലാത്ത വഴിപാടുകൾ കൊണ്ടുവന്നു ദൈവത്തെ തുഛീകരിച്ചതു കൊണ്ട് ദൈവം അവരുടെ ആരാധന സ്വീകരിക്കയില്ല എന്ന് യിസ്രായേൽ മക്കളെ ബോധ്യമാക്കിയിരുന്നു (മലാഖി 1:12). വിലയില്ലാത്ത ദാനങ്ങളിൽ ദൈവം പ്രസാദിക്കുകയില്ല. മനസില്ലാതെ നാം ചെയ്യുന്ന സേവനവും അവൻ സ്വീകരിക്കുകയില്ല. സന്തോഷത്തോടെ, സ്വമനസോടെ ചെയ്യുന്ന സേവനമാണ് ദൈവം ആഗ്രഹിക്കുന്നത്.

## സംക്ഷിപ്തം

അബ്രഹാം, യിസഹാക്ക്, യാക്കോബ് എന്നിവരുടെ പിൻഗാമികൾ വിഗ്രഹാരാധികളായതിനെ പ്രവാചകന്മാർ ഖണ്ഡിക്കുകയുണ്ടായി. അവരുടെ ആരാധന ദൈവം സ്വീകരിക്കാതിരുന്നത് പാപം നിമിത്തമായിരുന്നു എന്നും അവർ മുഖാന്തരം ദൈവം പറഞ്ഞിരുന്നു. യാഗങ്ങളും വഴിപാടുകളും മാത്രമായിരുന്നില്ല, തന്റെ കൽപനകളനുസരിച്ച് ജീവിക്കുന്ന ഹൃദയങ്ങളും അവൻ ആഗ്രഹിച്ചിരുന്നു. അത് ഇന്നും സത്യമാണ്.

നീതി നമ്മുടെ ലക്ഷ്യമാക്കുകയും, നന്മ നമ്മുടെ ജീവിത മാർഗമാക്കുകയും, ദൈവത്തോടുകൂടി നടക്കുവാൻ സകല പരിശ്രമം നടത്തുകയും വേണം. നാം അവനെ ബഹുമാനിച്ച് അനുസരിക്കുമ്പോഴാണ് ദൈവം നമ്മുടെ ആരാധന സ്വീകരിക്കുന്നത്.